**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **01-02-2024 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉപയോഗവും സാമൂഹിക തിന്മകളും പരിഗണിച്ച് പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഒന്നര പതിറ്റാണ്ടിനു ശേഷം കേരളത്തിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുകയാണ്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പോലുള്ള സാമൂഹിക തിന്മകൾക്കെതിരായ മനോഭാവം പഠിതാക്കളിൽ രൂപപ്പെടാൻ ആവശ്യമായ ഉള്ളടക്കം പാഠപുസ്തകങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും പുതിയ പാഠപുസ്തകങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ ഇത് സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ജീവിത യാഥാർത്ഥ്യങ്ങളെ ഫലപ്രദമായി നേരിടാൻ ലൈഫ് സയൻസ് ഒന്നാം ക്ലാസ്സ് മുതൽ പാഠ്യക്രമത്തിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ലൈഫ് സയൻസ് കേന്ദ്രീകരിച്ചുള്ള പഠനം തന്നെയാണ് ചെറിയ ക്ലാസുകൾ മുതൽ വിഭാവനം ചെയ്തിട്ടുള്ളത്. 1, 2 ക്ലാസുകളിൽ ഭാഷയും പരിസരപഠനവും സംയോജിപ്പിച്ച് തയ്യാറാക്കിയ കേരള പാഠാവലി പുസ്തകങ്ങളിൽ പ്രകൃതി പരിസരത്തെ മുൻനിർത്തിയുള്ള ആശയങ്ങളിലൂടെയാണ് പഠനം വികസിക്കുന്നത്. മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന വിഷയം ലൈഫ് സയൻസിന്റെ അടിസ്ഥാന ആശയങ്ങളായ ജീവന്റെ സവിശേഷതകളും വൈവിധ്യവും, ആവാസം, ഭക്ഷ്യശൃംഖലാജാലം, മലിനീകരണം - കാരണങ്ങളും പ്രതിവിധിയും, ഭക്ഷ്യോത്പാദനം, ജലം, വായു, മണ്ണ് എന്നിവയുടെ ഗുണതയും മനുഷ്യന്റെ അതിജീവനവും തുടങ്ങിയവയെല്ലാം കുട്ടിയുടെ പ്രായഘട്ടത്തിന് അനുയോജ്യമാംവിധം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം നിയന്ത്രിതമായി ജീവിത സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തിയുള്ള ഉത്തമ വ്യക്തികളായി മാറുവാൻ ഓരോ കുട്ടിയെയും പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഒന്നാം ക്ലാസ്സ് മുതൽ എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യേതര വിഷയങ്ങളിൽ നിർബന്ധിത പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | വിവിധ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി കലാവിദ്യാഭ്യാസവും കായിക വിദ്യാഭ്യാസവും ജീവിതനൈപുണി വിദ്യാഭ്യാസവും പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ കലാവിദ്യാദ്യാസം ഇതര വിഷയങ്ങളുമായി സംയോജിപ്പിച്ചാണ് വിനിമയം ചെയ്യുന്നത്. അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിൽ കലാവിദ്യാഭ്യാസത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രീപ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ എല്ലാ കുട്ടികളുടെയും കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, അക്കാദമികനിലവാരം ഉയർത്തുവാനും, സ്പോർട്സ് മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും വേണ്ടി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച ഗവേഷണ പ്രോഗ്രാമാണ് ഹെൽത്തി കിഡ്സ്. ആരോഗ്യ കായിക പ്രവർത്തനത്തിന്റെ അടിസ്ഥാന ശേഷികൾ, കായിക സാക്ഷരതയുടെ അടിസ്ഥാന പാഠങ്ങൾ, കിഡ്സ് അത് ലറ്റിക്സ്, താളാത്മക ചലനങ്ങൾ, നാച്വറൽ പ്ലേ, മാനിപുലേറ്റീവ് സ്കിൽസ്, ഇൻക്ലൂസീവ് സ്പോർട്സ്, ശാരീരിക ഏകോപനശേഷികൾ, സഹകരണ ശേഷികൾ, ട്രെഷർ ഹണ്ട്, ഒബ്സ്റ്റക്കിൾ റേസ് തുടങ്ങിയ പ്രധാനപ്പെട്ട മേഖലകൾ ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ